ലേഖനം

ഇബ്നു മുഹമ്മദ് വരിക്കോട്ടിൽ

# ബൈബിളിലെ ദൈവം

**ദൈവത്തെയും** യേശുവിനെയും കുറിച്ച് ബൈബിളിൽ പലയിടങ്ങളിലും വ്യത്യസ്ത രീതിയിലാണ് വിവരിച്ചുകാണുന്നത്. ദൈവത്തിന്റെ ഏകത്വത്തിൽ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ട്. ഇതിന് ബൈബിളിന്റെ പിൻബലവുമുണ്ട്. എന്നാൽ ദൈവത്തിന്റെ ഏകത്വം ത്രിത്വത്തിലൂടെയാണെന്നവർ വിശ്വസിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യത്യസ്തർ ഒന്നിച്ചു ചേർന്നതാണ് ഏകദൈവമെന്നും ദൈവമെന്ന പദം കൊണ്ട് ഈ ത്രിത്വത്തിലുള്ള ഏതൊരാളെയും സംബോധനം ചെയ്യാമെന്നും അവർ വിശ്വസിക്കുന്നു. ഇതിന് ബൈബിളിന്റെ പിൻബലം ഇല്ലെന്ന് മാത്രമല്ല, ഇതിന് വിപരീതമായ ആശയങ്ങളാണ് ബൈബിളിലുടനീളം കാണാൻ കഴിയുന്നത്.

അരൂപിയായ ഏകദൈവത്തെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്. ആ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും, സാക്ഷാൽ യേശു പോലും ആ ദൈവത്തെ ആരാധിക്കുകയും ആ ദൈവത്തോട് കരഞ്ഞും നിലവിളിച്ചും പ്രാർഥിച്ചിരുന്ന പ്രവാചകനായിരുന്നു എന്നും ബൈബിൾ വ്യക്തമാക്കുന്നുണ്ട്. യേശു ദൈവമോ ദൈവപുത്രനോ അല്ലെന്നും ദൈവത്തെ ആശ്രയിച്ചുകഴിഞ്ഞിരുന്ന പ്രവാചകനായിരുന്നു എന്നും ബൈബിളിൽനിന്ന് മനസ്സിലാക്കാം.

ദൈവത്തെക്കുറിച്ച് പരാമർശിക്കുന്ന ഏതാനും ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക:

"ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ല" (1 കോറി 8:4). "ദൈവമോ ഒരുവൻ മാത്രം" (ഗലാത്തിയക്കാർ 3:21). "ദൈവം ഒന്നേയുള്ളൂ" (1 തിമോ 2:5). "ഏക സത്യ ദൈവമായ നിന്നെയും നീ അയച്ച യേശു ക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3). "ഏക ദൈവത്തിൽനിന്ന് വരുന്ന മഹത്വം അന്വേഷിക്കാതിരിക്കുന്ന നിങ്ങൾക്ക്

എങ്ങനെ വിശ്വസിക്കുവാൻ സാധിക്കും" (യോഹ 5:44).

ഈ വചനങ്ങളെല്ലാം ദൈവത്തിന്റെ ഏകത്വത്തെ കുറിച്ച് സ്പഷ്ടമായി പഠിപ്പിക്കുന്നു. ദൈവം അരൂപിയാണെന്നും രൂപ സാദൃശ്യങ്ങളൊന്നും ദൈവത്തിനില്ലെന്നും ദൈവത്തെ ആരും കണ്ടിട്ടില്ലെന്നും വ്യക്തമാക്കുന്ന ഏതാനും വചനങ്ങൾ കൂടി കാണുക:

"ഇത് അരൂപിയായ കർത്താവ് വഴിയാണ് ലഭിക്കുന്നത്" (2 കോറി 3:18). "ദൈവത്തെ അരൂപിയിൽ ആരാധിക്കുകയും" (ഫിലിപ്പിയർ 3:3). "അവനെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കണം" (യോഹ 4:24). "യഥാർഥ ആരാധകർ പിതാവിനെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു" (യോഹ 4:23). "ദൈവത്തെ ഒരു മനുഷ്യനും ഒരിക്കലും കണ്ടിട്ടില്ല'' (യോഹ 4:12). "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല" (യോഹ 1:18).

ഇതിൽനിന്നും യേശുവോ മറ്റേതെങ്കിലും രൂപത്തിലുള്ള വസ്തുക്കളോ ജീവികളോ മനുഷ്യരോ ഒന്നുംതന്നെ ദൈവമല്ലെന്ന് ആർക്കും ബോധ്യമാകും. ദൈവം അരൂപിയാണെന്ന വചനം വായിക്കുന്നവൻ മനുഷ്യരൂപത്തിലുള്ള മനുഷ്യനായ യേശുവിനെ ദൈവമെന്ന് വിശ്വസിക്കുന്നതെങ്ങനെ?

* * * *

''തീർച്ചയായും മൂന്നു പേരിൽ ഒന്നാണ് അല്ലാഹു എന്ന് പറഞ്ഞവർ സത്യത്തെ നിഷേധിച്ചിരിക്കുന്നു. ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണ്, തീർച്ച. അവർ തങ്ങളുടെ ആ അഭിപ്രായത്തിൽനിന്ന് പിന്തിരിയാത്ത പക്ഷം ആ സത്യനിഷേധികളെ വേദനാജനകമായ ശിക്ഷ പിടികൂടുക തന്നെ ചെയ്യും" (ഖുർആൻ 5:73).

**അരൂപിയായ ഏകദൈവത്തെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്. ആ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും, സാക്ഷാൽ യേശു പോലും ആ ദൈവത്തെ ആരാധിക്കുകയും ആ ദൈവത്തോട് കരഞ്ഞും നിലവിളിച്ചും പ്രാർഥിച്ചിരുന്ന പ്രവാചകനായിരുന്നു എന്നും ബൈബിൾ വ്യക്തമാക്കുന്നുണ്ട്. യേശു ദൈവമോ ദൈവപുത്രനോ അല്ലെന്നും ദൈവത്തെ ആശ്രയിച്ചുകഴിഞ്ഞിരുന്ന പ്രവാചകനായിരുന്നു എന്നും ബൈബിളിൽനിന്ന് മനസ്സിലാക്കാം.**

## ആരാധന ദൈവത്തിനു മാത്രം

ദൈവത്തെ മാത്രമേ ആരാധിക്കാവൂ, അവനെ മാത്രമേ സേവിക്കാവൂ, എല്ലാവരും ദൈവത്തിൽ ആശ്രയിച്ചു കഴിയുന്നവരാണ് എന്നീ ആശയങ്ങൾ തന്നെയായി

രുന്നു യേശു പ്രബോധനം ചെയ്തത്. പ്രാർഥിക്കേണ്ടതും ആരാധിക്കേണ്ടതും ദൈവത്തെ മാത്രമാണെന്നും എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം ദൈവത്തിനു മാത്രമാണെന്നും ദൈവത്തിന് സമമായി യാതൊന്നുമില്ലെന്നും വ്യക്തമാക്കുന്ന ബൈബിൾ വചനങ്ങൾ ശ്രദ്ധിക്കുക:

"നിന്റെ ദൈവമായ കർത്താവിനെ പൂർണ മനസ്സോടും പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കൽപന" (മത്തായി 22:37, മർക്കോ 12:30, ലൂക്കോ 10:27). യേശു പറഞ്ഞതായി മത്തായി റിപ്പോർട്ട് ചെയ്യുന്ന വചനം ശ്രദ്ധിക്കുക: "കർത്താവേ, കർത്താവേ എന്ന് എന്നെ വിളിക്കുന്നവരെല്ലാം സ്വർഗ രാജ്യത്തിൽ പ്രവേശിക്കുകയില്ല. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നവനേ അവിടെ പ്രവേശിക്കൂ. ആ ദിവസം പലരും എന്നോട് പറയും 'കർത്താവേ, കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിച്ചവരല്ലെയോ? നിന്റെ നാമത്തിൽ ഞങ്ങൾ പിശാചുക്കളെ പുറത്താക്കിയില്ലയോ? നിന്റെ നാമത്തിൽ പല വലിയ കാര്യങ്ങളും ഞങ്ങൾ ചെയ്തില്ലയോ?' അപ്പോൾ അവരോട് ഞാൻ പ്രഖ്യാപിക്കും: 'നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. ഹേ ദുർവൃത്തരേ എന്നെ വിട്ട് അകന്നുപോകൂ" (മത്തായി 7:21–23). യേശുവിൽ വിശ്വസിക്കുകയും യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ കാണിക്കുകയും ചെയ്തവരോടിങ്ങനെ ചെയ്യുന്നതിനുള്ള കാരണമായി യേശു വ്യക്തമാക്കുന്നത്, അവർ ദൈവനാമത്തിൽ പ്രവചിക്കുകയോ അത്ഭുതങ്ങൾ കാണിക്കുകയോ ദൈവത്തിന്റെ ഹിതം നിറവേറ്റുകയോ ചെയ്തില്ല എന്നതുതന്നെയായിരുന്നല്ലോ.

പിശാച് യേശുവിനെ ഒരു മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയിലെ പ്രതാപങ്ങളും കാണിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു: "നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്ക് തരും. അപ്പോൾ യേശു പ്രതിവചിച്ചു: സത്താനേ പോകൂ! 'നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവനെ മാത്രമേ സേവിക്കാവൂ' എന്നു വിശുദ്ധ ലിഖിതത്തിൽ ഉണ്ടല്ലോ. അപ്പോൾ പിശാച് അവനെ വിട്ടകന്നു. മാലാഖമാർ വന്ന് അവനെ പരിചരിച്ചു" (മത്തായി 4:8–11, ലൂക്കോ 4:5–8). ഈ വചനം ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പഠിപ്പിക്കുന്നതോടൊപ്പം യേശു ദൈവമോ ദൈവപുത്രനോ അല്ല എന്നതിനു മതിയായ തെളിവും കൂടിയാണ്. കാരണം, യേശു അങ്ങനെ ആയിരുന്നുവെങ്കിൽ പിശാച് അടുത്ത് ചെല്ലുകയോ എന്നെ ആരാധിക്കുക എന്ന് യേശുവിനോട് പറയുകയോ ചെയ്യില്ലായിരുന്നു. കൂടാതെ ദൈവത്തിന് മാലാഖമാരുടെ പരിചരണവും ആവശ്യമില്ലല്ലോ.

ദൈവത്തോട് പ്രാർഥിക്കുന്നവർക്ക് വേണ്ടതെല്ലാം ദൈവം നൽകുമെന്ന് വ്യക്തമാക്കുന്ന ബൈബിളിലെ വചനങ്ങൾ കാണുക: "ദൈവത്തിൽ ആശ്രയിക്കുക" (മത്തായി 6:25–34, ലൂക്കോ 12:22–34), "സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികം നല്ലത് നൽകും" (മത്തായി 7:11). യോഹന്നാൻ തന്റെ വെളിപാട് പുസ്തകത്തിൽ എഴുതിയത് ഇങ്ങനെ വായിക്കാം: "ഇവ എനിക്ക് കാട്ടിത്തന്ന മാലാഖയെ ആരാധിക്കാൻ ഞാൻ ആ പാദത്തിന്മേൽ വീണു. അപ്പോൾ മാലാഖ എന്നോട് പറഞ്ഞു: നീ അത് ചെയ്യരുത്, നിന്നോടും പ്രവാചകരായ നിന്റെ സഹോദരരോടും ഈ ഗ്രന്ഥത്തിലെ വചനങ്ങൾ പാലിക്കുന്നവരോടുമൊപ്പം ഒരു സഹ ദാസനാണ് ഞാൻ. ദൈവത്തെ ആരാധിക്കുക" (വെളിപാട് 22:8,9). ഇനിയും കാണുക: സ്വർഗരാജ്യത്ത് സെബദി പുത്രന്മാർ യേശുവിന്റെ വലത് ഭാഗത്തും ഇടത് ഭാഗത്തും ഇരിക്കുവാനായി അവരുടെ അമ്മ യേശുവിനോട് വരം ചോദിച്ച

**"എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. കേൾക്കുന്നത് പോലെ ഞാൻ വിധിക്കുന്നു. എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്" (യോഹ 5:30). ഈ വചനത്തിലൂടെ എത്ര സ്പഷ്ടമായാണ് യേശു തനിക്ക് സ്വന്തമായി കഴിവുകളൊന്നുമില്ലെന്നും ദൈവം തന്നെ അയച്ചതാണെന്നും അവന്റെ ഇഷ്ടം നിറവേറ്റലാണ് തന്റെ ബാധ്യതയെന്നും വ്യക്തമാക്കുന്നത്.**

പ്പോൾ യേശു പറഞ്ഞു: "എന്റെ ഇടത്തും വലത്തും ഇരിക്കാൻ വരം നൽകേണ്ടത് ഞാനല്ല, അത് എന്റെ പിതാവ് (?) ആർക്ക് വേണ്ടി ഒരുക്കിയിരുന്നുവോ അവർക്കുള്ളതാകുന്നു" (മത്തായി 20:23, മർക്കോ 10:40). അതേ പ്രകാരം യുഗസമാപ്തി (അന്ത്യദിനം)യെ കുറിച്ച് ശിഷ്യരോട് യേശു പറഞ്ഞത് "ആ ദിവസവും മണിക്കൂറും പിതാവിനല്ലാതെ മറ്റാർക്കും സ്വർഗത്തിലെ മാലാഖമാർക്ക് പോലും അറിഞ്ഞുകൂടാ" (മത്തായി 24:36, മർക്കോ 13:32) എന്നായിരുന്നു. "ഒരു മനുഷ്യൻ ഓടിവന്ന് യേശുവിന്റെ മുമ്പിൽ മുട്ട് കുത്തി ചോദിച്ചു: "നല്ലവനായ ഗുരോ നിത്യജീവൻ (സ്വർഗം) അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" യേശു അയാളോട് പറഞ്ഞു: "നീ എന്തിന് എന്നെ നല്ലവൻ എന്ന് വിളിക്കുന്നു? ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല" (മർക്കോ 10: 17,18, ലൂക്കോ 18: 18,19).

ഈ വചനങ്ങളെല്ലാം ദൈവത്തിന്റെ മഹത്വം വ്യക്തമാക്കുന്നു എന്നതോടൊപ്പം പ്രാർഥനക്കും ആരാധനക്കും അർഹൻ ഏകനായ, അരൂപിയായ ദൈവമാണെന്ന് വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നു. അപ്പോസ്തല പ്രവൃത്തികളിലെ നാലാം അധ്യായത്തിൽ വിശ്വാസികളുടെ പ്രാർഥന തുടങ്ങുന്നത് "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിച്ച നാഥാ" എന്ന് പറഞ്ഞുകൊണ്ടാണ്. അതിന്റെ അവസാനത്തിൽ ഇങ്ങനെ വായിക്കാം: "നിന്റെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുവാൻ നിന്റെ കരം നീട്ടണമേ!" (അപ്പോ. 4:23–30). ഇതിൽനിന്നും അന്നത്തെ വിശ്വാസികൾ പ്രാർഥിച്ചിരുന്നത് ഏകനായ ദൈവത്തോടായിരുന്നു എന്നും യേശുവിനെ അവർ ദൈവത്തിന്റെ പരിശുദ്ധ ദാസനായിട്ടാണ് കണ്ടിരുന്നത് എന്നും വ്യക്തമാണ്. സ്രഷ്ടാവിന് പകരം സൃഷ്ടികളെ ആരാധിക്കുന്നവർക്കുള്ള ശിക്ഷയെ സംബന്ധിച്ച് റോമക്കാർ 1:24–32 വചനങ്ങളിൽ പരാമർശമുണ്ട്.

* * * *

"മർയമിന്റെ പുത്രൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും സത്യം നിഷേധിച്ചിരിക്കുന്നു. വാസ്തവത്തിൽ മസീഹ് പറഞ്ഞത് ഇതാണ്! ഇസ്രയേൽ സന്തതികളേ, എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിന് നിങ്ങൾ ആരാധന ചെയ്യുക. അല്ലാഹുവോട് ആരെങ്കിലും ആരെയെങ്കിലും പങ്കുചേർത്താൽ അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുക തന്നെ ചെയ്യും. ആ അക്രമികൾക്ക് സഹായികളായി ആരും ഉണ്ടാവുകയില്ല" (ഖുർആൻ 5:72).

## യേശു ദൈവത്തെ ആശ്രയിക്കുന്നവൻ

യേശു അത്ഭുതങ്ങൾ കാണിച്ചതെല്ലാം ദൈവം നൽകിയ ശക്തിയിലൂടെയായിരുന്നു. യേശു അതിയായി ദൈവത്തെ സ്നേഹിച്ചു. യേശുവിന് സ്വന്തമായി കഴിവുകളൊന്നുമില്ലെന്ന് യേശു തന്നെ വെളിപ്പെടുത്തി. പ്രസ്തുത ആശയങ്ങൾ വ്യക്തമാക്കുന്ന ബൈബിൾ വചനങ്ങൾ ശ്രദ്ധിക്കുക:

"രോഗശാന്തി നൽകാൻ കർത്താവിന്റെ ശക്തി അവനിലുണ്ടായിരുന്നു" (ലൂക്കോ 5:17). ഈ വചനം വ്യാഖ്യാനിക്കുമ്പോൾ, യേശു ത്രിത്വത്തിൽ ഒന്നായതുകൊണ്ടാണ് കർത്താവിന്റെ ശക്തി അവനിലുണ്ടായത് എന്ന് ചിലർ പറയാറുണ്ട്. അതായത്, ക്രിസ്തുവിൽ ദൈവത്തിന്റെ അംശം ഉണ്ട് എന്നതിന് ഇത് തെളിവാക്കാറുണ്ട്. എന്നാൽ ഇതേ ചരിത്രം മത്തായിയിൽ പറയുന്നേടത്ത് യേശു മനുഷ്യനാണെന്നും ഭൂമിയിൽ രോഗശാന്തി നൽകാനും പാപമോചനം നൽകാനും ദൈവം അധികാരം നൽകി അയച്ച മനുഷ്യനാണ് യേശു എന്നും വ്യക്തമാക്കുന്നു. ചരിത്രം ശ്രദ്ധിക്കുക: "ആളുകൾ ഒരു തളർവാത രോഗിയെ കിടന്ന കിടക്കയോടെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസം കണ്ട് യേശു ആ തളർവാതക്കാരനോട് പറഞ്ഞു: 'മകനേ, ധൈര്യമായിരിക്കൂ. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.' അപ്പോൾ ചില വേദജ്ഞർ ഉള്ളിൽ പിറുപിറുത്തു. 'ഈ മനുഷ്യൻ ദൈവ ദൂഷണം പറയുന്നു.' അവരുടെ വിചാരങ്ങൾ മനസ്സിലാക്കി യേശു പറഞ്ഞു: നിങ്ങൾ മനസ്സിൽ തിന്മ വിചാരിക്കുന്നതെന്തിന്? 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ 'എഴുന്നേറ്റ് നടക്കുക' എന്ന് പറയുന്നതോ ഏതാണ് എളുപ്പം? എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ പാപമോചനാധികാരം ഉണ്ട് എന്ന് നിങ്ങൾ അറിയാൻ വേണ്ടി പിന്നെ അവൻ തളർവാത രോഗിയോട് കൽപിച്ചു, 'എഴുന്നേറ്റ് നിന്റെ കിടക്കയും എടുത്ത് വീട്ടിൽ പോവുക.' അയാൾ എഴുന്നേറ്റ് വീട്ടിലേക്ക് പോയി. ഇത് കണ്ട ജനക്കൂട്ടം ഭയപ്പെട്ടു. ഇങ്ങനെയുള്ള അധികാരം മനുഷ്യർക്ക് നൽകിയ ദൈവത്തെ അവർ സ്തുതിച്ചു" (മത്തായി 9: 1–8).

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഈ അത്ഭുതം ദർശിച്ച ജനങ്ങൾ യേശുവിന്റെ മുമ്പിൽ മുട്ട് കുത്തി പ്രാർഥിക്കുകയോ വണങ്ങുകയോ യേശുവിനെ പ്രകീർത്തിക്കുകയോ ചെയ്തില്ല. പകരം ഈ കഴിവ് യേശുവിന് നൽകിയ ദൈവത്തെയാണ് അവർ സ്തുതിച്ചത്. "എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. കേൾക്കുന്നത് പോലെ ഞാൻ വിധിക്കുന്നു. എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്" (യോഹ 5:30). ഈ വചനത്തിലൂടെ എത്ര സ്പഷ്ടമായാണ് യേശു തനിക്ക് സ്വന്തമായി കഴിവുകളൊന്നുമില്ലെന്നും ദൈവം തന്നെ അയച്ചതാണെന്നും അവന്റെ ഇഷ്ടം നിറവേറ്റലാണ് തന്റെ ബാധ്യതയെന്നും വ്യക്തമാക്കുന്നത്.

"യേശു ഒരിക്കൽ ഒരു അന്ധനെ കാണുകയും നിലത്ത് മണ്ണിൽ തുപ്പിയിട്ട് ആ ചെളിയെടുത്ത് അന്ധന്റെ കണ്ണിൽ പൂശി 'ശിലോഹാം' കുളത്തിൽ പോയി കഴുകാൻ കൽപിച്ചു. അയാൾ കഴുകുകയും കാഴ്ച ലഭിക്കുകയും ചെയ്തു. അന്ന് മോശയുടെ നിയമപ്രകാരം ശാബത്ത് എന്ന് പറയുന്ന ജനങ്ങൾ വിശ്രമിക്കേണ്ട ആഴ്ചയിലെ അവസാന ദിവസമായിരുന്നു. കാഴ്ച ലഭിച്ച അന്ധനെ ജനങ്ങൾ കണ്ടപ്പോൾ അത്ഭുതം കൂറുകയും അയാൾ തന്നെയോ എന്ന് തർക്കിക്കുകയും ചെയ്തു. യേശുവിലൂടെ തനിക്ക് കാഴ്ച ലഭിച്ചു എന്ന് അയാൾ അവരോട് പറഞ്ഞതിനാൽ അവർ

അയാളെ മോശയുടെ നിയമം ആചരിക്കുന്ന പണ്ഡിതന്മാരുടെ അടുക്കൽ കൊണ്ടു പോയി. അവർ അയാളോട് കാര്യങ്ങൾ അന്വേഷിക്കുകയും അയാൾ നടന്നതെല്ലാം അവരെ അറിയിക്കുകയും ചെയ്തു. അവർ ഇത് കേട്ട് യേശു ശാബത്ത് ആചരിക്കാ ത്തതിനാൽ ദൈവത്തിൽ നിന്നുള്ളവനല്ലാ എന്നും, പാപിയായ മനുഷ്യന് അത്തരം അത്ഭുതങ്ങൾ പ്രവർത്തിക്കാൻ എങ്ങനെ കഴിയും എന്നും പറഞ്ഞ് ഭിന്നതയിലായി. ഫരിസേയർ (നിയമപണ്ഡിതർ) അന്ധനായിരുന്ന വ്യക്തിയുടെ മാതാപിതാക്കളെ വിളിച്ചു തെളിവെടുപ്പ് നടത്തി. ഒടുവിൽ അവർ അയാളോട് ഇങ്ങനെ പറഞ്ഞു: 'ദൈവം മോശയോട് സംസാരിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഇവൻ (യേശു) എവിടെ നിന്നുവരുന്നു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ.' ആ മനുഷ്യൻ (അന്ധൻ) പറഞ്ഞു: 'എന്ത്! ഇതൊരത്ഭുതം തന്നെ! അവൻ എവിടെ നിന്നു വരുന്നു എന്ന് നിങ്ങൾക്കറിഞ്ഞുകൂടാ എങ്കിലും അവൻ എന്റെ കണ്ണുകൾ തുറന്നു. നമുക്കറിയാം. ദൈവം പാപികളെ ചെവിക്കൊള്ളുന്നില്ല. എന്നാൽ ദൈവത്തെ ആരാധിക്കുകയും അവന്റെ തിരുഹിതം നിറവേറ്റുകയും ചെയ്യുന്നവനെ ദൈവം ചെവിക്കൊള്ളുന്നു. ലോകാരംഭം മുതൽ ഇന്നോളം ആരെങ്കിലും ഒരു പിറവി കുരുടന്റെ കണ്ണ് തുറന്ന തായി കേട്ടിട്ടില്ല. ദൈവത്തിൽ നിന്നുള്ളവനായിരുന്നില്ലെങ്കിൽ ഈ മനുഷ്യന് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല" (യോഹന്നാൻ 9:1–33).

ഈ കഥയും യേശു ദൈവത്തെ ആരാധിക്കുകയും ദൈവത്തിന്റെ ഹിതം നിറ വേറ്റുകയും ചെയ്യുന്ന ഒരു മനുഷ്യനായിരുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. ബേഥ ന്യായിലെ മരണപ്പെട്ട ലാസറിനെ യേശു മരണത്തിൽനിന്നും ഉയിർപ്പിച്ച കഥ യിൽനിന്നും നമുക്കിതു ഗ്രഹിക്കാം. "മരണപ്പെട്ടവന്റെ സഹോദരിയായ മാർത്ത യേശു വോട് പറഞ്ഞു: 'കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു. ഇപ്പോഴും നീ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്ക് തരും എന്ന് ഞാൻ അറിയുന്നു.' യേശു പറഞ്ഞു: 'നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും" (യോഹ : 11:21–23). "യേശു ദുഃഖ വിവശനായി കല്ലറയുടെ അടുക്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു. ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു. 'കല്ല് നീക്കുവിൻ' എന്ന് യേശു പറഞ്ഞു. മരിച്ചവന്റെ സഹോദരി മാർത്ത പറഞ്ഞു: 'കർത്താവേ, ഇതിനകം ദുർഗന്ധം ഉണ്ടായിക്കാണും, മരിച്ചിട്ട് നാല് ദിവസമായല്ലോ.' യേശു പറഞ്ഞു: 'നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണും എന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ?' അവർ കല്ലു നീക്കി. യേശു മേൽപോട്ട് നോക്കി ഇങ്ങനെ പറഞ്ഞു: 'പിതാവേ, നീ എന്റെ പ്രാർഥന കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്ന് ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു.' ഇങ്ങനെ പറഞ്ഞിട്ട് അവൻ 'ലാസറേ പുറത്ത് വരിക' എന്ന് ഉറക്കെ വിളിച്ചു. മരിച്ചവൻ പുറത്ത് വന്നു" (യോഹ 11:38–43).

ഇവിടെ മാർത്തയുടെ വിശ്വാസം തന്നെ ശ്രദ്ധേയമാണ്. നീ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്ക് തരും എന്ന് ഞാൻ അറിയുന്നു എന്നാണല്ലോ അവൾ പറഞ്ഞത്. യേശുവിന്റെ സ്വന്തം കഴിവു കൊണ്ട് എന്തും സംഭവിക്കുമെന്നല്ല അവൾ പറഞ്ഞത്. യേശു ദൈവത്തോട് പ്രാർഥിച്ചു. ദൈവം പ്രാർഥന സ്വീകരിച്ചു. യേശു അത്ഭുതങ്ങൾ കാണിക്കുന്നത് യേശുവിനെ ദൈവം അയച്ചു എന്ന് ജനങ്ങൾ മനസ്സിലാക്കുന്നതിനാണ് എന്ന് പ്രാർഥനയിലെ വാക്യങ്ങൾ വ്യക്തമാക്കുന്നുമുണ്ട്. ഇനിയും കാണുക: "കഠിന വേദനയിലായിരുന്ന അവൻ ഒലീവ് മലയിൽ വെച്ച് മുട്ടു

കുത്തി ഉള്ളുരുകി പ്രാർഥിച്ചു. അവന്റെ വിയർപ്പു തുള്ളികൾ വലിയ രക്തത്തുള്ളികൾ പോലെ ആയി നിലത്ത് വീണു. അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്ന് ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു." (ലൂക്കോസ് 22:39–46). ക്രിസ്ത്യാനികളുടെ വിശ്വാസം പോലെ യേശു ദൈവമോ ത്രിത്വത്തിൽ ഒന്നോ ദൈവ പുത്രനോ ആയിരുന്നുവെങ്കിൽ നിശ്ചയമായും മാലാഖയേക്കാൾ കഴിവും ഉന്നതിയും ഉണ്ടാകുമായിരുന്നു. അതുകൊണ്ടുതന്നെ മാലാഖയുടെ ശക്തിപ്പെടുത്തൽ ആവശ്യമാകുമായിരുന്നില്ല. യേശു ദൈവത്തോട് പ്രാർഥിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുന്ന ഏതാനും ബൈബിൾ വചനങ്ങൾ കൂടി കാണുക:

"ആ ദിവസങ്ങളിൽ അവൻ പ്രാർഥിക്കാൻ മലയിലേക്ക് പോയി. രാത്രി മുഴുവൻ അവൻ ദൈവത്തോട് പ്രാർഥിച്ചുകൊണ്ടിരുന്നു" (ലൂക്കോ 6:12).

"അവൻ മരുഭൂമിയിലേക്ക് പിൻവാങ്ങി പ്രാർഥിച്ചുകൊണ്ടിരുന്നു" (ലൂക്കോ 5:16).

"അവൻ നിലത്ത് വീണു പ്രാർഥിച്ചു. കഴിയുമെങ്കിൽ ഈ നാഴിക തന്നിൽ നിന്നകന്ന് പോവേണമേ" (മാർക്കോ 14:35,36, മത്തായി 26:39, ലൂക്കോ 22:41,42).

യേശു പ്രാർഥിക്കുന്നത് സംബന്ധമായി ഇനിയും ധാരാളം സ്ഥലങ്ങളിൽ കാണാം. ലൂക്കോ 11:1, 10:21, മാർക്കോസ് 6:46, മത്തായി 11:25, 26, യോഹ 17:1–26 എന്നീ വചനങ്ങൾ അവയിൽ പെടുന്നു. യേശു പ്രാർഥിക്കുകയും ആശ്രയിക്കുകയും ആരാധനകളർപ്പിക്കുകയും ചെയ്ത അതേ ദൈവത്തോടാണ് പ്രാർഥിക്കേണ്ടത്. യേശുവോട് പ്രാർഥിക്കുകയും യേശുവിനെ ദൈവമായി കാണുകയും ചെയ്യുന്നവർ യേശുവിന്റെ മതത്തിൽനിന്നും വ്യത്യസ്തമായ മറ്റൊരു മതമാണ് ആചരിക്കുന്നതെന്ന് ഈ ബൈബിൾ വചനങ്ങളിൽനിന്നും മനസ്സിലാവും. ■